
little KITEs
നിനവ്.......


നിനവ്.....
Little kites-digital magazine
G H S Kuppadi
2019-20

# നിനവ്...........

## താളുകളിൽ....


| ക്രം.നമ്പർ | ഉള്ളടക്കം | പേജ് നമ്പർ | രചയിതാവ് |
|---|---|---|---|
| 1 | ആകാശത്തിന്റെ കുരുന്നുകൾ | 12 | ആതിര പി.എസ് |
| 2 | ജീവിതം , മരണം | 15 | റോസ് മേരി |
| 3 | WEEPING NATURE | 16 | HIBA |
| 4 | വിദ്യാർഥികളുടെ രചനകളിലൂടെ | 17 | |
| 5 | ബാല്യകാല ത്തെ ഓർമ്മകൾ | 18 | മഞ്ജുള |
| 6 | പക്ഷികളുടെ ആകാശം | 19 | ലന ഫാത്തിമ |
| 7 | Pain full childhood | 21 | Najiya.k |
| 8 | സ്വപ്നത്തിന്റെ അഗ്നിച്ചിറകുകൾ | 23 | എബിന |

| | | | |
|---|---|---|---|
| 9 | കേരളപ്പിറവി ദിനാഘോഷം | 25 | |
| 10 | സ്നേഹരാവ് | 26 | മാളവിക അനിൽ |
| 11 | എന്റെ കുട്ടിക്കാലം | 27 | ലിജിത കെ സി |
| 12 | ചുട്ട ചോര | 28 | ഗുരുപുഷ്പം |
| 13 | കുഞ്ഞനുറുമ്പും കുഴിയാനയും | 29 | ദീപ്ത പാർവണ |
| 14 | തിങ്കവന്ത് പ്രവർത്തനങ്ങൾ | 30 | |
| 15 | നിനവ് | 33 | സുജിന സുരേഷ് |
| 16 | ആ പൂക്കളുടെ ഗന്ധം | 34 | അനാമിക സുരേഷ് |
| 17 | നീലാകാശ പക്ഷി | 36 | ശ്രേയ പി. എസ് |
| 18 | സ്കൂൾ അസംബ്ലി | 38 | |
| 19 | മോഹം | 39 | ഗീതു എം.വി |
| 20 | പുസ്തകലോകത്തെപെൺകുട്ടി | 40 | അനൈറ്റ .എം. ജോയി |

| | | | |
|---|---|---|---|
| 21 | മൃതി | 44 | ഷിജിത |
| 22 | സബ് ജില്ലാ കലോത്സവം | 45 | |
| 23 | किताब | 46 | അജിത ചന്ദ്രൻ |
| 24 | मृत्यु | 47 | ഷിജിത |
| 25 | എന്റെ കൗമാര പ്രായം | 48 | ജിന പി കെ |
| 26 | അറിവിന്റെ ഗന്ധം | 52 | നീരജ സന്തോഷ് |
| 27 | താളുകളിലെ മധുരമായ കയ്പ്പ് | 56 | ഡിയ ഡൈജു |
| 28 | ഉന്നതങ്ങളിലേക്കുള്ള യാത്ര | 60 | നാജിയ. കെ |
| 29 | കോളനി കുട്ടായ്മ | 61 | |
| 30 | ബാല്യകാലം ജീവദാനം | 62 | ലിജിത .കെ. ചന്ദ്രൻ |
| 31 | കുട്ടിക്കാലം | 64 | ആനിയ മരിയ ബേബി |
| 32 | കായികമേള | 65 | |
| 33 | തിരിച്ചറിവ് | 66 | നീരജ സന്തോഷ് |
| 34 | നിലാവിലേക്ക് | 68 | റോസ് മേരി |
| 35 | പ്രണയമേ ഈ താഴ്വര | 71 | അബിന അജയ് കുമാർ |

| | | | |
|---|---|---|---|
| 36 | കുസൃതി ചോദ്യങ്ങൾ | 72 | ആഷ്ന |
| 37 | WHAT A NICE DAY IT IS | 73 | MUHAMMED FASAL |
| 38 | മഹദ് വ്യക്തികൾ | 75 | ബ്ലസൻ ജോയി |
| 39 | ഇച്ചായിയുടെ സൂത്രം | 78 | നിവേദ്യ രാജു |
| 40 | തിങ്കവന്ത് ടൂർ | 81 | ജിനു |

# എഡിറ്റോറിയൽ.....




**LITTLE KITES 2019-20**

സ്വപ്നങ്ങളും പ്രതീക്ഷകളും ആകുലതകളും വ്യാകുലതകളും നേട്ടങ്ങളും കോട്ടങ്ങളും ഇഴചേർന്ന ഒരു വർഷം കൂടി നിനവിന്റെ പുസ്തകതാളുകളിലേക്ക് ഒതുങ്ങുമ്പോൾ........

മായ്ക്കാനാവാത്ത നനവാർന്ന,മിഴിവാർന്ന നിനവായ് ഞങ്ങളുടെ സ്വപ്നങ്ങളും പ്രതീക്ഷകളും അനുഭവങ്ങളുംപരിഭവങ്ങളും കോർത്തിണക്കുമ്പോൾ വിവരവിനിമയ സാങ്കേതികവിദ്യകളുടെ ഉപകരണങ്ങളോടും സങ്കേതങ്ങളോടും ഹൃദയം കൊണ്ട് സംവദിച്ചപ്പോൾ ചെറുതെങ്കിലും കുറവുകളുണ്ടെങ്കിലും ലിറ്റിൽ കൈറ്റ്സിന്റെ കൂട്ടായ്മയിൽ

" നിനവ് " ഉണർവായി ,യാഥാർത്ഥ്യമായി.

ഓർമ്മയുടെ മണിച്ചെപ്പിൽ എന്നെന്നും ഓർമ്മിക്കാൻ

# "നിനവ് - 2019"

–

## ആശംസകളുമായി........



ഹെഡ് മാസ്റ്റർ -ശ്രീ ജയരാജ് എം

*താളുകളിൽ മികവുകളും സ്വപ്നങ്ങളും ഓർമകളും തങ്ങി നിൽക്കുന്ന ,*

*നിനവിന് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു..........*



## P T A പ്രസിഡണ്ട് ശ്രീ .കെ. റഷീദ്

*വളർച്ചയുടെ പടവുകൾ താണ്ടി ,എന്നും ഉയരങ്ങളിലേക്ക് കുതിക്കുന്ന കുപ്പാടി ഹൈസ്കൂളിന്റെ പടയോട്ടത്തിലെ തുവൽ സ്പർശമാകാൻ " നിനവി " നാകട്ടെ..............*

കർഷകരും കർഷക തൊഴിലാളികളും ആദിമ ഗോത്ര ജന വിഭാഗങ്ങളും തിങ്ങിപ്പാർക്കുന്ന കുപ്പാടി പ്രദേശത്ത് ,1930 ൽ കുപ്പാടി കുടിപ്പള്ളിക്കൂടമായി പ്രവർത്തനമാരംഭിച്ച കുപ്പാടി ഗവൺമെന്റ് ഹൈസ്കൂൾ നിരവധിയായ സമര പോരാട്ടങ്ങളുടെയും നിയമ പോരാട്ടങ്ങളുടെയും ഫലമായി വളർച്ചയുടെ പടവുകൾ ഒന്നൊന്നായി ചവിട്ടിക്കയറി . 2010 ൽ ഹൈസ്കൂളായി ഉയർത്തിയതോടെ കുപ്പാടി നിവാസികളുടെ വലിയൊരു സ്വപ്നമാണ് പൂവണിഞ്ഞത് . ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിന്റെ കൈത്തിരി നാളം തെളിയിച്ചു നൽകിയ കുപ്പാടി ഗവൺമെന്റ് ഹൈസ്കൂൾ ഇന്ന് മികവുകളുടെ സൂര്യതേജസായി ജ്വലിച്ചു നിൽക്കുന്നു . നമ്മുടെ വിദ്യാലയത്തിന് ഒരു പൊൻതൂവൽ കൂടിയാകട്ടെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ തയ്യാറാക്കുന്ന ഈ മാഗസിൻ എന്ന് ആശംസിക്കുന്നു .



എന്ന്,

**കെ. വി.മത്തായി**

**S M C ചെയർമാൻ**

# ആകാശത്തിന്റെ കുരുന്നുകൾ

പച്ച തുരുത്തിന്റെ ഇടയിലൂടെ

പറപറക്കുന്ന കുഞ്ഞി പക്ഷി.......

പഴങ്ങളും രുചികളും കളിയുടെ രസവുമായി നടക്കുന്ന

പൂങ്കുയിൽ ചന്തം (2)

മാനത്തിന്റെ ഉറവിടം തീർക്കുന്ന ചിറകുകൾ

അടിച്ചുമരുന്ന മരങ്ങളിൽ

വെളിച്ചമോ കാറ്റോ മഴയോ പ്രശ്നമല്ലാത്ത പക്ഷികൾ........

പല നിറത്തിലുള്ള വർണ്ണ ഉടുപ്പുകൾ അണിഞ്ഞ്

രസത്തിന്റെ മട്ടിൽ പറക്കുന്ന ലൗബേർഡ്സ്

മുറുക്കി തുപ്പിയ ചുവപ്പ് ചുണ്ടുകളുമായി കൊത്തി കളിക്കുന്ന

പൊന്നണികൾ.......

കൊത്തി കഴിക്കുന്ന ചുണ്ടുകളിൽ ചുട് ചോര ചന്തം

മരങ്ങളുടെ മുകളിലിരുന്നു കൊത്ത്കൂടുന്ന രണ്ടിനങ്ങൾ.

പൂമഴ വന്ന് കൂടിലിണങ്ങുമ്പോൾ അമ്മ തൻ

അവർക്കൊരാശ്വാസം.

കുഞ്ഞി ഇടങ്ങളിൽ പാറി നടന്ന് തീറ്റകൾ കൊണ്ടു തരുന്നു

അമ്മ.

കുഞ്ഞമ്മയുടെ അടുത്തിരുന്ന് പാട്ടുകൾ പാടി നടക്കുന്നു.

കൂടുകൾ ഉണ്ടാക്കാൻ പാറിനടന്ന് കോലുകൾ ,മാലികൾ

കൊണ്ടരുന്നു.

പച്ച നിറങ്ങളിൽ ഓടിനടക്കുന്ന പച്ചതത്തകൾ പാറി

വന്നു.

ചിറകുകളുടെ വർണപകിട്ട് പല പക്ഷികൾക്കും മാറി


വരുന്നു.

കുഞ്ഞി മുട്ടകളിൽ അടയിരുന്നു. കുഞ്ഞുങ്ങളെ പോറ്റുന്നു.

അമ്മ മനസ്സ്

മാനത്തിലൂടെ പറപറക്കുന്ന പക്ഷികൾക്കിന്ന് ആഘോഷം

മാനത്തിന്റെ രാജാവാകാം കിളികളും മേഘങ്ങളും




ഇരുട്ടത്താണോ വെയിലിലിലാണോ കളിച്ചു നടക്കുന്ന മാടപ്രാവ്

കുഞ്ഞിക്കിളികൾ ഒറ്റയ്ക്ക് പോകരുതേ കഴുകനിറങ്ങുന്ന നേരമാണ്.

മാനത്തിന്റെ മുത്തുണികൾ ഊന്നിനടക്കുന്ന പ്രായമിത്.

ആതിര പി. എസ്

# ജീവിതം മരണം



ജീവിക്കണം,

എന്നാൽ മരിക്കണമെന്നില്ല

മരണം,

അതു വേണമെങ്കിൽ നമ്മെ തേടിവരും

അതൊരു യാത്രയാണ്

വേണമെങ്കിൽ ഫ്രീയായി പോകാം

അല്ലെങ്കിൽ കാശുമുടക്കിയും പോകാം

ജീവനില്ലാത്ത, ജീവനുള്ളവരുടെ ലോകത്തേക്ക് അത്

നമ്മെ നയിക്കുന്നു

അവിടം ജീവനില്ലാത്ത മരണത്തിന്റെ ലോകവും

മരണമില്ലാത്ത ജീവനുകളുടെ ലോകവുമാണ്

അതിന്റെ ഉയരവും ആഴവും ആരും അളന്നിട്ടില്ല.

അവിടേക്ക് പ്രവേശിക്കാൻ ഒരുനിമിഷം മതി

എന്നാൽ തിരിച്ചു വരാൻ ആർക്കുമാവില്ല

മരിച്ചാൽ അവിടെ ജീവിക്കും.

അശാന്തതയുടെ തീരങ്ങളിൽ പാറിനടക്കുന്ന

അപ്പൂപ്പൻതാടിപോൽഎന്നെന്നേക്കുമായി.........

എന്ന്, റോസ്മേരി

# WEEPING NATURE

Beyond the line our sight within the border of our might lies the vast ocean of green colour with the essence of love.
It was once our land that we wish to last for ever after But what now?
Just a heap of blocks which turns to ashes within no time. Just the beauty of black which even beat the weakness of shadow which accompanies us to every path we deag them to
except the dark part one life that we move on to
the vast blue sky and the garden of green
where it have disappear. Lifting apart the our taste that we have to he sitate. Blossoms has gone and sealons had changed there is no more the sweet song of nightingale.
Which shed coolness of mind to the needy oh. God!
Where are the hills and tops? That beings us to the overwhelming shacles of rainbow..... where does the chatter sound of rain faded to? Does it come to a hallor it sitating to muemue

Hiba 9A

# വിദ്യാർത്ഥികളുടെ രചനകളിലൂടെ...









# ബാല്യകാലത്തെ കുഞ്ഞോർമകൾ

## എന്റെ ബാല്യകാല ഒർമകളിലൂടെ...

എനിക്ക് ഒന്നാംക്ലാസ്സ് മുതൽ നാലാം ക്ലാസ്സ് വരെ രണ്ട് കൂട്ടുകാരികളുണ്ടായിരുന്നു. അവരുടെ കൂടെ കളിച്ചും കുസൃതി കാണിച്ചും നടന്ന ആ ബാല്യകാലം വളരെ രസകരമാണ്. ഞാൻ ആദ്യം പഠിച്ച സ്കൂളിൽ വരാന്തയും ഊഞ്ഞാലുമെല്ലാം ഉണ്ടായിരുന്നു. അതിൽ കൂട്ടുകാരെ ഇരുത്തി കളിപ്പിച്ചതും കോമഡി പറഞ്ഞതും എല്ലാം എന്റെ ബാല്യകാല ഓർമയിലെ ഒരു സന്ദർഭമാണ്. ആ കൂട്ടുകാരോടൊപ്പം കോഴിക്കോട് ടൂർ പോയി.അതും എന്റെ ബാല്യകാലത്തെ ഒരോർമ്മയാണ്. ദിവസങ്ങൾ കഴിയുമ്പോൾ ഞാൻ ആ ബാല്യകാലത്തിൽ നിന്ന് മാറി. ബാല്യകാലത്തെ ചിരിയും, കളിയും, കുസൃതിയും എല്ലാം മാറി. ഞാൻ വലിയ ക്ലാസ്സുകളിലെത്തി. പഠനം ശക്തമായി.


മഞ്ജുള






# പക്ഷികളുടെ ആകാശം

വെള്ളയും നീലയും കലർന്ന
ഒരു മനോഹരമായ ആകാശം
പക്ഷികൾ ഒരേ രൂപത്തിൽ
വളരെ ഭംഗിയിൽ പറക്കുന്നു
രാത്രിയായാൽ തന്റെ കൂടു
കളിലേക്ക് പറന്നു പോകുന്നു.
രാവിലെ തീറ്റതേടി ദൂരെ
ഭക്ഷണമുള്ള സ്ഥലത്തേക്ക്
പറന്നു പോകുന്നു
എന്തുകൊണ്ട് മനുഷ്യർക്ക്
മാത്രം പറക്കുവാൻ കഴിയുന്നില്ല...?
ഈ നീണ്ടുകിടക്കുന്ന മനോഹരമായ
ആകാശം പക്ഷികളുടേതു മാത്രം
അവർ അവരുടെ മനോഹരമായ



ചിറകിൽ പറക്കുന്ന
പക്ഷികളെയും ആകാശത്തേയും
ഭൂമിയിൽ നിന്നും നോക്കാൻ
എന്തു മനോഹരം
പക്ഷികളുടെ മാത്രം ആകാശം
എന്തു മനോഹരമായ ആകാശം
നിലാവിൽ ചന്ദ്രന്റെ അടിയിലായി
പക്ഷികൾ പക്ഷികൾ പറക്കുന്നതു
കാണാൻ എന്തു മനോഹരം
പക്ഷികളുടെ ആകാശം
എന്തു മനോഹരമാണ്
ഇത് എനിക്ക് വളരെ ഇഷ്ടമാണ്.

(ലന ഫാത്തിമ 7)



# Pain full child hood


It was a rainy day. Sometimes there comes a big thunder storm and lighting. A 07 year old boy, who standing outside in his home. He is playing, dancing and singing. His dress are wet. Suddenly... he felt a pain on his left ear. He cried loudly.... but nobody hear that sound

He look behind him. Then he saw a thin yellow dressed lady standing behind him that was his mother. She is very angry .They get in to there house.

"Arun...., how many times I told you don't go outside . Go and study well". Mom told to Arun . Arun felt

sad . He said "ma...I am studying all the time . Please give me little freedom...." . "OK ...I will give you freedom but not now it will be take many years. Now go and study well.''

Arun is studying in third standard. He was a good boy .His father is in Gulf. He was happy...but, not really. His mother was a strict women. She not allowed to play



out side. Always she said “study”. When he heard this he get angry. When the lunch break his friend tell so many tree, Nainika’s super mango pickle.... etc...

When Arun heard this he felt sad because he have no experience like them. year’s go faster.

Now, Arun is a business. man. He have one boy. He allowed him to go outside, play in the rain..... Because he know that pain.

“He have a painful childhood.”

Najiya.K

# സ്വപ്നത്തിന്റെ അഗ്നിചിറകുകള്

പറക്കണം,

അങ്ങകലെ വാനോളം

ആകാശ ഗംഗക്കുമപ്പുറം

നെഞ്ചില് പകയുടെ കനലായ്

ഉറക്കൂട്ടിയ പ്രതികാരവുമായി

ഒരായിരം വാക്കുകളുടെ ധ്വനിയുമായി

സ്ത്രീ,

ചരിത്രത്തിന്റ അക്ഷരതാളിനുള്ളിൽ

മായാതെ നിൽക്കുന്ന ചിത്രം

കാലം മറക്കാതെ സൂക്ഷിച്ച

പോരാട്ടത്തിന്റെ വീരഗാഥ

പകയുണ്ട് മനസ്സിൽ,

പുരുഷാധിപത്യത്തിന്റെ കീഴിൽ


ഞെരിഞ്ഞമർന്ന ഒരോ പുൽക്കൊടിക്കും

പെരും പെൺക്രൂരതയ്ക്ക് സാക്ഷിയായ

ഒരോ കണ്ണുകൾക്കും

നിറകണ്ണിലൂടൊഴുകിയ ഒരോ

കണ്ണു നീർ തുള്ളിക്കും



പറയാനുണ്ടൊരായിരം കഥകൾ
ചാരത്തിൽ നിന്നുയരുന്ന ഫിനിക്സ്
പക്ഷിയേ പോൽ എനിക്ക് പറക്കണം
സ്വപ്നത്തിന്റെ അഗ്നി ചിറകുകളുമായി
by,
എബിന

# കേരള പിറവി ദിനാഘോഷം............



**കിസ് മത്സര വിജയികൾ.**

# സ്നേഹരാവ്

പകലിന്റെ നൊമ്പരം നെറുകയിൽ
ചാലിച്ച്,രാവെന്ന ശാന്തതയിൽ
അലിയുമ്പോഴും...

മധുരമാം കിളികളുടെ മധുര മൊഴിക-
ളറിയാതെ രാത്രിതൻ ലാളനയിൽ
മുങ്ങുമ്പോഴും...
സന്ധ്യയിൽ സുന്ദരഗന്ധം പരത്തുന്ന
അന്തിമുല്ലയ്ക്കിന്ന വിഷാദം...
ഒട്ടും സ്വയമായി ചോദിപ്പൂ ഞാൻ
"എന്താണ് നിന്നുടെ ദു:ഖം"

ഇടറിയ ശബ്ദത്തിൽ പതിയെ മൊഴിഞ്ഞ-
വൾ,മൗനമായി കേൾക്കുന്നു ഞാനും
"സ്വന്തമാകില്ല എന്നറികിലും ഞാൻ നിന്നെ"
സ്നേഹിച്ചിടുന്നു നിലാവേ...
എന്തു പറയണമെന്നറികില എനിക്ക്

മാളവിക അനിൽ

# എന്റെ കുട്ടിക്കാലം

എന്നും ഞാൻ ഓർക്കും എന്റെ കുട്ടിക്കാലം
പാട്ടും പാടി കൂട്ടും കൂടി ആഹ്ലാദത്തോടെ
നടന്നൊരു കാലം .മുത്തശ്ശന്റെ കഥകളും
കേട്ട് വികൃതിയോടെ നടന്നൊരു കാലം.

ചേട്ടന്റെ കൂടെ സ്കൂളിൽ പോകാൻ
വാശി പിടിച്ചു നടന്നൊരു കാലം
അമ്മയുടെ വിരൽത്തുമ്പിൽ പിടിച്ച്
എന്നും ഞാൻ നടന്നൊരു കാലം
കുട്ടിക്കാലത്തിന്റെ ഓർമ്മകളൊന്നും
മനസ്സിൽ മായാതെ സൂക്ഷിച്ചു ഞാനും....

By
ലിജിത കെ സി




# ചുട്ട ചോര

പകൽ നേരത്തു പോലും
ചുട്ട ചോരയൊലിച്ച ഞങ്ങൾ
എന്നും എന്നും ഞങ്ങൾ
ചുട്ട ചോരയൊലിച്ച ഞങ്ങൾ
ചുട്ട ചോരയൊലിച്ചഞങ്ങൾ
(പകൽ നേരത്തു പോലും)

തീവ്ര ദുരിതങ്ങൾ
എന്നും നാശ നഷ്ടങ്ങൾ വരവായ്
ദൂരെ ദൂരെ എങ്ങോ എങ്ങോ
ദുരിതം വരവായ്
ദുരിതം വരവായ്
(പകൽ നേരത്തു പോലും)



ഗുരുപുഷ്പം .എ.പി



# കുഞ്ഞനുറുമ്പും കുഴിയാനയും

ആരാണവിടെ പൂഴിക്കുഴിയിൽ
ഞാനാണല്ലോ കുഴിയാന .......
എന്താണവിടെ പൂഴിക്കുഴിയിൽ
തടഞ്ഞുവീണേൻ ഞാനിപ്പോൾ .......
മണിനാദം പോൽ മധുരം നമ്മുടെ
മലനാട്ടിൽ മൊഴി മലയാളം
മഴ മഴ മഴ മഴ മാനത്തുന്നൊരു
മലർ മഴ മധു മഴ മധുര മഴ .....
ഇടി മഴ തുടി മഴ ഇമ്പ മഴ
മുററം നിറയെ മുത്തു മഴ .....

ദീപ്ത പാർവണ

# തിങ്കവന്ത് പ്രവർത്തനങ്ങളിലൂടെ..........







# തിങ്കവന്ത് ടൂർ.............







## തിങ്കവന്ത് ലോഷൻ നിർമ്മാണം





# നിനവ്

ഒരിടത്തൊരു സുന്ദരിയായ നിനവുണ്ടായിരുന്നു.അവളൊരു നിനവായിരുന്നെങ്കിലും

അവൾക്ക് ആഗ്രഹമെന്തെന്ന് അറിയില്ലായിരുന്നു.അവളിങ്ങനെ അനാഥയായി

നടക്കുന്നവളായിരുന്നു.അവൾ താമസിച്ചിരുന്നത് ഒരു വലിയ വീട്ടിൽ ഒറ്റപ്പെട്ടവളായിട്ടാണ്.

ആരും ഒന്നു തിരിഞ്ഞു നോക്കാതെ അവളുടെ സന്തോഷവും സങ്കടവും അടക്കിപിടിച്ചിരുന്നവൾ.

ഒരുനാൾ ആ വീട്ടിലേക്ക് വഴിതെറ്റിവന്ന 2 നിനവുകളെ കിട്ടി.നിനവിന് ആ നിനവുകളോട്

വലിയ സ്നേഹമായി. ആരുമില്ലാത്ത ആ ലോകത്തിലേക്ക് അവൾക്കുമൊരു കൂട്ടുകാർ. അവർ

എങ്ങനെയോയാണ് ആ വീട്ടിലെത്തിയത്. ആദ്യമൊക്കെ നിനവുകൾക്ക് അവിടെയിരിക്കാൻ


വിഷമമായിരുന്നു. അച്ഛനേയും അമ്മയേയും ഓർത്ത്. പിന്നെ അച്ഛനും അമ്മയുമായി അവൾ ഉണ്ടായിരുന്നു. ആ നിനവ് . നിനവും നിനവുകളും ആ വീട്ടിൽ ഇങ്ങനെ ഒഴുകുന്നു......

സുജിന

# ആ പൂക്കളുടെ ഗന്ധം

അമ്മയുണ്ടായിരുന്നു.അവൾ ആഗ്രഹിക്കുന്നതു വാങ്ങിക്കൊടുക്കാൻ അവളുടെ അച്ഛനുണ്ടായിരുന്നു.ഒരു ദിവസം മിന്നിയും അമ്മയും മുറ്റത്തെ കിളിമാവിൻ ചോട്ടിൽ ഇരിക്കുകായായിരുന്നു.കഥകൾ പറഞ്ഞ് കാറ്റിന്റെ കുളിർ ആസ്വദിച്ച് അങ്ങനെ.  അപ്പോഴാണ് മിന്നി അത് ശ്രദ്ധച്ചത്.മുറ്റ-ത്തിനരികിലെ വേലികളിലെ പൂക്കൾ. മിന്നി അതിനരികിലേക്ക്ചെന്നു.അവൾ പതുക്കെ ആ ഇതളിൽ തൊട്ടുനോക്കി പട്ടുപോലെ മൃദുലമായ ഇതളുകൾ. അതിനെക്കാളെല്ലാം ഏറെയായി അവൾ ശ്രദ്ധിച്ചത്,മൂക്കിലേക്ക് തുളച്ചു കയറുന്ന ആ തട്ടുത്തു നിർത്താനാവാത്ത സുഗന്ധമാണ്..മിന്നി ആ പൂവും പറിച്ച് അമ്മയുടെ അടുത്തേയ്ക്കോടി.അമ്മേ.... അമ്മ മിന്നിയോട് ചോദിച്ചു. പതുക്കെ ഓടിവാ മോളെ.എന്താ?എന്തുപറ്റി?

അമ്മേ ഇതെന്ത് പൂവാണ് ?ഇതിന്റെ പേരെന്താണ് ? കുഞ്ഞിച്ചുണ്ടുകൾ അനക്കി അവൾ ചോദിച്ചു. "മിന്നീ ഇതാണ് വേലിപ്പൂക്കൾ വേലികളിൽ മാത്രമാണ് ഈപൂക്കൾ ഉണ്ടാകാറ്



എന്റ അനിയനും ഒരുപാട് പറിച്ചുകളിയ്ക്കു മായിരുന്ന ഈ പൂക്കൾ...”

അമ്മ പറഞ്ഞു അപ്പോഴാണ് അച്ഛൻ പണി കഴിഞ്ഞ് വന്നത് അമ്മ അച്ഛന് കാപ്പി കൊടുക്കാൻ അകത്തേക്ക് പോയി മിന്നിയും

അമ്മയുടെ പുറകെപോയി. രാത്രി കിടക്കാൻ നേരത്ത് മിന്നി

ഈ കാര്യം അച്ഛനോട് പറഞ്ഞു. അച്ഛൻ പണിയുടെ

ക്ഷീണത്തിൽ ഉറങ്ങിപ്പോയിരുന്നു. കിടക്കുമ്പോൾ മിന്നിയുടെ മനസിൽ നിന്നും ഈ പൂവിന്റ സുഗന്ധം മായുന്നില്ലായിരുന്നു അവൾ എത്രയോ പൂക്കൾ മണത്തുനോക്കിയിട്ടുണ്ട് പക്ഷേ ഇതുപോലൊരു സുഗന്ധം ഇതുവരെ

അനുഭവിച്ചറിഞ്ഞിട്ടില്ല.എന്തുകൊണ്ടാണ് ഈയൊരു

പൂവിനു മാത്രം വ്യത്യസ്ത്ത ഇതുവരെ അവൾക്കതുമനസ്സിലായില്ല. പകൽ കളിച്ചതിന്റെ ക്ഷീണത്തോടെ അങ്ങനെ മിന്നി പതുക്കെ

ഉറക്കത്തിലേക്ക് വഴുതിവീണു.അവൾ ഒരോ സ്വപ്നത്തിലേക്ക്

താഴ്ന്നിറങ്ങി................



അനാമിക സുരേഷ്

# നീലാകാശ പക്ഷി

ആകാശത്തിൽ ചിറകടിച്ച-
പാറാൻ പക്ഷികൾക്കാണവകാശം
ആ അവകാശം ചികിലേറ്റിക്കൊണ്ടവർ
നീലാകാശത്തിൻ ചുറ്റും ചിറകടിച്ച
പാറി നടക്കുന്നു,വിശാലമായ
നീലപ്പന്തലിൻ ചുറ്റും പാറി
നടക്കുന്ന കൊച്ചു കൊച്ചു പക്ഷികളാണവർ
അവരുടെ ആഗ്രഹം നെഞ്ചിലേറ്റിയവർ
നീലപ്പന്തലിൻ ചുറ്റും പാറിപ്പാറിക്കളിക്കുന്നു
വെള്ളപ്പുഞ്ചിയുള്ള നീലപ്പുതപ്പിലൂടെ
ചിറകടിച്ചു കളിക്കും ബാലകരാണവർ
പക്ഷികളുടെ ജീവനാണ് വിശാലമായ നീലപ്പന്തൽ
പന്തലിനുള്ളിൽ ചിറകടിച്ചുപാറാനാണവർക്കിഷ്ടം
നീലപ്പന്തലിനുള്ളിൽ നിന്നും വിരിഞ്ഞുവന്ന്
പാറിക്കളിക്കുന്ന കുഞ്ഞോമനകളാണവർ
അവരുടെ ആകാശം അവരുടെ സ്വന്തമാണ്
സ്നേഹത്തിൻ നന്മകൾ കൊണ്ട് കെട്ടിപ്പടുത്ത-
താണാപന്തൽ,സ്നേഹത്തിൻ നന്മകളാണാ-
പന്തലിൻ ചുറ്റും,വെള്ളപ്പുതപ്പു പുതച്ച

നീലപ്പന്തലിൽ സ്നേഹമാണ് നിറയെ,
സാനേഹം കൊണ്ട് കെട്ടിപ്പടുത്ത
നീലപ്പന്തലിനുള്ളിൽ ജീവിക്കുന്ന
കുഞ്ഞോമനകൾ സ്വർഗത്തിലാണ്
ജീവിക്കുന്നത്,സ്നേഹം നിറയെ
മനസ്സിലേറ്റിക്കൊണ്ട് സ്വർഗത്തിൽ
പാറിനടക്കും കുഞ്ഞോമനകളാണവർ
അവരുടെ കൊച്ചു കുടുംബമാണ്
വിശാലമായ ആ സ്വർഗത്തിൻ ചുറ്റും
അഴകുള്ള സ്ഥലത്തു നിന്നവർ
ഉയർന്നുയർന്നു സ്വർഗത്തിലെത്തി
എന്നും അവർ അധിക നേരം
ജീവിക്കുന്നിടമാണ് അവരുടെ ലോകം
അവരുടെ ലോകത്തിന്റെ രാജാവും
റാണിയും പ്രജകളും സൈന്യവും അവരാണ്
ആ വിശാലമായ ആകാശമാണ് അവർക്കെല്ലാം
സ്നേഹം കൊണ്ട് നിർമ്മിച്ച വിശാലമായ
പന്തലിൻ ചുറ്റുമവർ എന്നും പാറിനടന്ന്
കളിച്ചു രസിക്കും ബാലകരെ തമ്മിൽ
അകറ്റാൻ  ദൈവത്തിനേ സാധിക്കൂ.
നീലപ്പന്തലും ആ ബാലകരും തമ്മിൽ
തീരാ സ്നേഹമുണ്ട് ,പക്ഷികൾക്കുള്ളതാണ് നീലാകാശം

ശ്രേയ പി.എസ്.

# സ്കൂൾ അസംബ്ലി.........











# മോഹം

പഴയ കാര്യങ്ങൾ **ഓർക്കുവാൻ**

ഒരു മോഹം ഓർക്കുവാൻ ഇരിക്കുവാനും

മോഹം അമ്മ വാരിതന്ന പിടി അന്നം

വിണ്ടു തരുമെന്ന മോഹം

കുട്ടുകരോട് കളിവാൻ ഇത്തിരി

മോഹം

സഹോദരങ്ങളോടൊത്ത്

കുസൃതികുട്ടുവാൻ മോഹം

ഗീതു എം. വി



# പുസ്തക ലോകത്തെ പെൺകുട്ടി

പുസ്തകത്തിന്റെ ഗന്ധത്തിലും പുസ്തകതാളുകളുടെ കാഴ്ച്ചപ്പാടുകളിലും ജീവിക്കുന്ന ഒരു പെൺകിടാവ് സുമിത്ര. അവളുടെ ജീവിതത്തെ ആർക്കും പറഞ്ഞറിയിക്കാൻ കഴിയുന്നതല്ലായിരുന്നു. കാരണം അവളുടെ ജീവിതം ഒരു കഷ്ട ജീവിതത്തിലെ ചെറു ഭാഗം മാത്രമായിരുന്നു. സുമിത്രയുടെ ജീവിത ആരംഭത്തിൽ തന്നെ അച്ഛനും അമ്മയും മരണമടഞ്ഞു. പിന്നീട് അവളെ വളർത്തി വലുതാക്കിയത് അവളുടെ മാമിയായിരുന്നു. മാമിയ്ക്ക് ഒരു മകളുണ്ട്. സുമിത്രയെ മാമിയുടെ മകൾ ഉപദ്രവിക്കുകയും ചെയ്യുമായിരുന്നു. അവളുടെ വിദ്യാഭ്യാസം എന്നുപറയുന്നത് അടുത്ത് ഒരു വായനശാലയുണ്ട്. അവിടെ ചെന്നിരുന്ന് പുസ്തകം വായിക്കുന്നതാണ്. അവളെ വായനശാലയിലെ ഒരു വൃദ്ധനായ മനുഷ്യൻ വായനയും എഴുത്തും പഠിപ്പിച്ചു. അങ്ങനെയാണ് പുസ്തക ലോകത്തേക്ക് സുമിത്ര എത്തിച്ചേരുന്നത്. മാമിയുടെ കൂടെ വീട്ടുജോലിയ്ക്ക് പോകുമ്പോൾ ഉച്ചഭക്ഷണം കഴിക്കാൻ കിട്ടുന്ന ചില സമയത്ത് ഭക്ഷണം കഴിക്കാതെ അപ്പോൾ

കിട്ടുന്ന കുറച്ച് സമയം കൊണ്ട് മാത്രമാണ് അവൾ
വായനശാലയിൽ എത്തുന്നത്. ഈ സമയം അവൾക്ക്
പുസ്തകം വായിക്കുന്നതിനേക്കാൾ ഓരോ
പുസ്തകതാളുകളുടെയും സുഗന്ധം ആസ്വദിക്കാനായിരിക്കും
ഇഷ്ടം. കാരണം അവളുടെ ജീവിതത്തിൽ പ്രധാന പങ്കം
പുസ്തകലോകത്തെ ഓരോ ചെറു പുസ്തകങ്ങൾക്കും
ഉണ്ടായിരുന്നു. പെട്ടന്നൊരിക്കൽ മാമി മരിച്ചുപോകാൻ
ഇടയായി. അന്നേ ദിവസം മാത്രം സുമിത്ര അതിന്റെ
വിഷമത്തിൽ അവളുടെ ഇഷ്ടസ്ഥലത്തെ മറന്നു. പിന്നീട്
അവൾ വീട്ടുജോലിക്ക് പോയി പണമുണ്ടാക്കി. അന്ന്
മുതൽ സുമിത്ര സ്കൂൾ വിദ്യാഭ്യാസം ആരംഭിച്ചു. അവളുടെ
മനസ്സിൽ ഒരു കാര്യം മാത്രമായിരുന്നു ഉണ്ടായിരുന്നത്.
താൻ പഠിക്കുന്ന വിദ്യാലയത്തിൽ ഏറ്റവും മികച്ച
വിദ്യാർത്ഥിയും പുസ്തകങ്ങളെ ഏറ്റവും കൂടുതൽ
സ്നേഹിക്കുന്ന കുട്ടിയുമാകണം എന്നായിരുന്നു . അത്
സുമിത്ര സഫലീകരിച്ചു. പഠിച്ച് പഠിച്ച് അവളൊരു ലോക
പ്രസിദ്ധ എഴുത്തുക്കാരിയും ഐ.എ.എസ് ഓഫീസറുമായി.
എന്നാലും അവൾ പുസ്തക വായന ഉപേക്ഷിച്ചില്ല. അവൾ
ഇപ്പോഴും പുസ്തകത്തിന്റ മണം ആസ്വദിക്കുന്നുണ്ട് .
അവൾക്ക് ഈ ലോകത്ത് ആരുമില്ല. അതുകൊണ്ട്

സുമിത്ര പുസ്തകത്തെയും അതിന്റെ സുഗന്ധത്തേയും ഇപ്പോഴും ആസ്വദിച്ച് ജീവിക്കുന്നു.

അനൈറ്റ എം ജോയി




# ഭിന്നശേഷി ദിനാഘോഷം









# മൃതി

ധരണിയിൽ ജന്മമുണ്ടായാൽ
മൃതിയുമുണ്ടെന്നുമോർക്കും നേരം
നാം മൃതി..നിനക്കിന്നു യാത്ര
നൽകുന്നു ഞാൻ ധന്യം
അനന്തമാം ശ്യൂന്യതയിലേക്ക്
പൊട്ടിച്ചിരിക്കുന്ന കാന്തം പോലെ
നീ ആകർഷിക്കുന്നു ഈ ലോകരെ
സമുദ്രമേ നിൻ ആഴിയിലേക്ക്
താഴ്ത്തുക നീ മരണത്തെ...
മൃതി നിന്നിലും അടങ്ങാത്ത ശര്യം
അതിനാണെൻ മനസിൽ നിറയെ
മൃതീ...നിനക്കിന്നു യാത്ര
നൽകുന്നു ഞാൻ ആഴിയിലേക്കു
നീ മടങ്ങുകയെന്നും...

By Shijitha.

# സബ് ജില്ലാകലോത്സവത്തിൽ...........















# किताब

किताब हे मेरा दोसत् । मेरा प्रिय दोसत् । किताबें की मनमोहक दुनिया में
सब कुछ भूल् जाता ! दुख , निराश , क्रोध सब कुछ . . . . . ।
सदा ही साथ रहन
कभी डूँब न जाता ओ मेरे प्रिय दोसत ! गल्ती करते समय मुझे अच्छे राह बता दिया । निराश में मुझे आश की ओर ले जाता ।
दुख में सहारा बन गया । कभी मुझे अकेला नहि छोड देता ।

അജിത ചന്ദ്രൻ





# मृत्यु

अकेला ही यात्रा. . . . . .

चुप्के ही यात्रा. . . . . . .

इतनी गुढ , इतना शक्त

मृत्यु तु ही सदा हर जीवन के पीछे ।

कर रहे अपनी यात्रा......

घोर वन की कलाप्पन जैसॆ

अनंत सागर की गहराई जैसॆ

तेरे अज्ञान यात्रा........

कहाँ रहते हो ? कहँ जाते हो ?

नजाने किसी को भी

बतावो अैर कोई दुनिया में ?

मृत्यु तु ही सदा हर जीवन के पीछे ।

Shijitha. . 8 B

# എന്റെ കൗമാര പ്രായം

## എന്റെ അനുഭവം



ഞാൻ ആദ്യമായി പള്ളിക്കൂടത്തിലേക്ക് പോയപ്പോൾ എനിക്ക് പഠിക്കണമെന്ന് തോന്നിയില്ല.പിന്നെ കുറച്ച് ദിവസം കഴിഞ്ഞു.എന്നെ ഒന്നാം ക്ലാസിൽ ആണ് ചേർത്തിയത്.എനിക്ക് പഠിപ്പിക്കുന്നത് ഒന്നും മനസ്സിലായില്ല.എന്തു പഠിക്കുന്നു എന്നും അറിയില്ല.ഞാൻ പഠിച്ചു.വിദ്യാലയത്തിന്റെ പേര് വടക്കനാട് എൽ.പി സ്കൂൾ എന്നാണ്.കുറച്ച ദിവസങ്ങൾ കഴിഞ്ഞു.പിന്നെ എനിക്ക് എന്നും സ്കൂളിൽ പോകാനാണ് ഇഷ്ടം.അങ്ങനെ സ്കൂൾ പൂട്ടി.എനിക്ക് സങ്കടമായി.കുറേ മാസങ്ങൾക്കു ശേഷം പിന്നെയും സ്കൂൾ തുറന്നു.അങ്ങനെ ഞാൻ 2-ാം ക്ലാസ്സിലേക്ക് ജയിച്ചു. എനിക്ക് അപ്പോൾ ഒരുപാട്,ഒരുപാട് സന്തോഷമായിരുന്നു. അങ്ങനെ പഠിച്ച്

പഠിച്ച് 3 ഉം,4 ഉം,5 ഉം അവിടെത്തന്നെ പഠിച്ചു.അവിടെ നിന്ന് 6ാം ക്ലാസ്സിലേക്ക് ജയിച്ചു.പിന്നെ ഞാൻ പഠിക്കാൻ പോയത് കണിയാമ്പറ്റ യു.പി സ്കൂളിലേക്കാണ്.ഞാൻ അവിടെ ഹോസ്റ്റലിൽ നിന്നാണ് പഠിച്ചത്.നല്ല രസമായിരുന്നു ഹോസ്റ്റലിൽ നിന്ന് പഠിക്കാൻ.അവിടെയുള്ള എല്ലാവരും നല്ല കൂട്ടുകാരന്മാരായിരുന്നു.ഞങ്ങൾ എല്ലാവരും എന്നും സ്കൂളിൽ പോകും.പിന്നെ അവിടെ നിന്ന് ഹോസ്റ്റൽ മാറി.പിന്നെ ഞങ്ങൾ എല്ലാവരും കൂടി കല്പറ്റ മുണ്ടേരി ഹോസ്റ്റലിൽ ആണ് പഠിച്ചത്.അവിടെ നല്ല രസമായിരുന്നു.നല്ല,നല്ല കൂട്ടുകാരന്മാരും,പിന്നെ നല്ലവണ്ണം പഠിപ്പിക്കുന്ന ടീച്ചേർസും,സാറുമാരുമായിരുന്നു.ഞാൻ കല്പറ്റ സ്കൂളിലേക്ക് പോയത് 7-ാം ക്ലാസിലേക്കാണ്.എല്ലാർക്കും നല്ല സന്തോഷമായിരുന്നു ഹോസ്റ്റലിൽ നിന്നു പഠിക്കാൻ.മുണ്ടേരി സ്കൂളിലെ എന്റെ ക്ലാസ്സ് ടീച്ചർ പാവമായിരുന്നു.ആ ടീച്ചറുടെ പേര് സുധ ടീച്ചർ എന്നാണ്.എന്നെ നല്ല കാര്യമായിരുന്നു. എന്തിനെന്ന് അറിയുമോ...? ഞാൻ എന്നും മടിക്കാതെ സ്കൂളിലേക്ക് പോകുന്നത് കൊണ്ട്.പിന്നെ കുറേ വർഷം കഴിഞ്ഞപ്പോൾ

ഞാൻ പഠുത്തം നിർത്തി.ഞാൻ പഠുത്തം നിർത്തിയത് എന്റെ ചേട്ടായി മരിച്ചത് കൊണ്ടാണ്.അപ്പോൾ കുപ്പാടി സ്കൂളിലെ ടീച്ചർമാർ വന്നു.എന്നോട് ചോദിച്ചു നീ പഠിക്കാൻ പോവുന്നില്ലേ എന്ന്. ഞാൻ പറഞ്ഞു ഞാൻ പഠിത്തം നിർത്തി ടീച്ചർ.അപ്പോൾ ടീച്ചർ ചോദിച്ചു വരുന്നുണ്ടോ കുപ്പാടി സ്കൂളിലേക്ക്.ഞാൻ പറഞ്ഞു എനിക്ക് പഠിക്കാൻ ആഗ്രഹമുണ്ട്.അങ്ങനെ ഞാൻ മുണ്ടേരി സ്കൂളിൽ നിന്ന് ടി.സി വാങ്ങി കുപ്പാടി സ്കൂളിലേക്ക് വന്നു. അവിടത്തെ സാർമാരും ടീച്ചർമാരും നല്ലവണ്ണം പഠിപ്പിച്ചു.അങ്ങനെ ഞാൻ 10-ാം ക്ലാസ്സിൽ എത്തി. ടീച്ചർമാർ നല്ല സപ്പോർട്ടായിരുന്നു.ടീച്ചർമാർക്ക് ഞാൻ വാക്ക് കൊടുത്തു S.S.L.C പരീക്ഷയിൽ ഒന്നാമനാകുമെന്ന്.........

ജിനു



# കൈറ്റ്സ് പ്രവർത്തനങ്ങളിലൂടെ......







# അറിവിന്റെ ഗന്ധം

അന്ധകാരത്തിന്റെ കൂട്ടിൽ ഒറ്റേയ്ക്കിരുന്ന് മടുത്തപ്പോൾ പുറത്തേക്കൊന്ന് പോകാം എന്ന കരുതിയാണ് ആ ചുവന്ന പുസ്തകം പുറത്ത് ചാടിയത് . ചുറ്റും നോക്കി...... ഭാഗ്യം ആരെയെയും കാണാനില്ല എന്ന ആശ്വാസത്തോടെ അവൾ നടന്നു...അവൾ നടന്നത് നാളയെ കാണാനായിരുന്നില്ല മറിച്ച് ഇന്ന് ജീവിക്കാനായിരുന്നു.

അവൾ തന്റെ ഭൂതകാലത്തെ ഓർത്തു. തന്നെ അഞ്ജലിയുടെ കൈകളിൽ കൊടുത്തപ്പോൾ അവളുടെ മുഖത്ത് തെളിഞ്ഞ  ആ ചിരി....... വായിച്ചിട്ടും വായിച്ചിട്ടും മതിവരാതെ അവളുടെ പതുത്ത കൈകളാൽ തന്റെ ദേഹത്തോട് ഒട്ടിച്ചേർന്ന താളുകളെ വീണ്ടും...വീണ്ടും മറിച്ചത്...എല്ലാം ഒരു സിനിമയിലെന്ന പോലെ അവളുടെ മനസ്സിലൂടെ കടന്ന്  പോയി.



പിന്നീട്.....പിന്നീട്....അവൾ തന്നെ തിരിഞ്ഞു നോക്കാതായപ്പോ..ഒരുദിനം വലിച്ചെറിഞ്ഞതും അവൾ ഓർത്തെടുത്തു....വീടിന്റെ എകാന്തത

ഇഷ്ടപ്പെടാത്തതിനാലാവണം അവൾ  നടന്നത് പുറത്തേക്കാണ്....പുറത്തെ തെടിയിലേക്

ആദ്യം അവളെ എതിരേറ്റത് തണുത്ത കാറ്റായിരുന്നു ... കാറ്റ് ഒരു കളിയാക്കൽ ചിരി പാസ്സാക്കിയിട്ട് കടന്ന് പോയി. പെട്ടന്നാണവൾ തന്റെ രൂപത്തെ ഒർത്തത്.അടുത്തുണ്ടായിരുന്ന കുളത്തിൽ മുങ്ങിനിവർന്നു.

ദേഹത്തുണ്ടായിരുന്ന അഴുക്കിനോടൊപ്പം അവളുടെ മനസ്സിൽ പറ്റിപ്പിടിച്ചിരുന്ന അഴുക്കിനെയും അവൾ അവിടെ ഉപേക്ഷിച്ചു . അത് ഒരു  പൂന്തോട്ടമായിരുന്നു എന്ന അവൾ തിരിച്ചറിഞ്ഞത് അപ്പോഴാണ് ...

പനിനീർച്ചെടിയും മുല്ലച്ചെടിയും ചെമ്പകവും



എന്ന വേണ്ട സുഗന്ധങ്ങളുടെ ഒരു താഴ്വര എന്ന് തന്നെ അവിടത്തെ വിശേഷിപ്പിക്കാമായിരുന്നു. അതിന്റെ ഇടയിൽ മണമില്ലാത്ത  അവൾ വന്ന് നിന്നപ്പോൾ തന്നോട് തന്നെ അവൾക് ദേഷ്യം തോന്നി.

അപ്പോഴാണ് അവിടേയ്ക്ക് ഒരു കുട്ടി വന്നത് അവൻ ആ പുസ്തകത്തെ എടുത്തു. അവൻ അമ്മയോട് പറഞ്ഞു അമ്മേ... എനിക്കൊരു പൂവും വേണ്ടാ ദാ... ഈ

ഒരൊറ്റ പുസ്തകം മതി  അമ്മയ്ക്ക് അത്ഭുതം തോന്നി. ഇത്രയും സുഗന്ധങ്ങൾ വാരിവിതറിയ  പൂക്കൾക്കിടെയിൽ നിന്ന് തന്റെ മകനെ പുസ്തകം ആകർഷിച്ചതിന്റെ രഹസ്യം അമ്മ അവനോട്  ചോദിച്ചു.

അവൻ പറഞ്ഞു  അമ്മേ... ഈ പുസ്തകത്തിന് പനിനീർ പുഷ്പത്തെിന്റെ സുഗന്ധത്തെക്കാളും ഗന്ധമുണ്ട് അറിവിന്റെ ഗന്ധം....നല്ല സുഗന്ധം.....

നീരജ സന്തോഷ്

# സ്കൂൾ അങ്കണം.....







# താളുകളിലെ മധുരമായ കയിപ്പ്

കാർമേഘങ്ങൾ ഇരുണ്ട് കറുത്ത് കൂടി ഇടിമിന്നൽ ശബ്ദത്തിന്റതരംഗങ്ങൾ കാതിൽ തുളച്ച് കയറുമ്പോൾ എന്റെ ചങ്കിൽകരച്ചിൽ കുരുങ്ങി പിണഞ്ഞ് വേദനകൊണ്ടു പുളയുകയായിരുന്നു.

കുഞ്ഞികൃഷ്ണൻമാഷിന്റെ  വെളുത്ത നീണ്ട അറ്റം ചിതറി പൊട്ടിയപാണൽ വടിക്കു കീഴെ ചുവന്ന് പൊന്തിയ എന്റെ കൈയിലെതിണർപ്പുകളെകണ്ടിട്ടല്ല ഞാൻ വേദനിച്ചത് .ഞാൻ എന്തുചെയ്തിട്ടാണ് മാഷ് വേദപ്പിച്ചതെന്നോർത്താണ്



ഞാനെന്നുവെച്ചാൽ കുഞ്ഞികൃഷ്ണൻമാഷിനു ജിവനായിരുന്ന, പ്രതീക്ഷയായിരുന്നു. എനിക്കുമങ്ങന തന്നെ. എന്നാൽ ഈ നിമിഷം ,ഞാനെന്റെ ഏറ്റവും വേദനയുടെ ,ക്രൂരതയുടെ അടിത്തട്ടിലാണ് മാഷിനെ സ്ഥാപിച്ചിരിക്കുന്നത്.

പള്ളിക്കൂടത്തിൽ ഒരു നിലവാരം വെച്ചു പുലർത്തുന്ന കുട്ടിയായിരുന്നു ഞാൻ. കണക്കിലും , പാഠ്യേതര വിഷയങ്ങളിലും ഞാൻകെങ്കേമനായിരുന്നു .എന്നാൽ ഭാഷാ വിഷയങ്ങളോട് എനിക്ക്

വെറുപ്പായിരുന്നു . അതിലേറെ വെറുപ്പായിരുന്നു "വായന".
തപ്പിതടഞ്ഞ്
അക്ഷരങ്ങൾ പെറുക്കി പെറുക്കി വായിച്ചാണ് ഞാൻ
എല്ലാവരുടെയും നാണം കെടാറ് . അതുകൊണ്ടാവാം ഞാൻ
ഇത്ര മാത്രം വായനയെ
വെറുക്കുന്നത് . കണ്ണട വെച്ച് തലയിലെ മുടി കേറി കേറി
പിന്നിലേക്ക് നടക്കുന്ന കുഞ്ഞികൃഷ്ണൻ മാഷിന്റെ പ്രധാന
വിഷയം മലയാളം തന്നെയാണ് . ആ ഒരു കാര്യത്തിൽ
മാത്രമായിരുന്ന കുഞ്ഞികൃഷണൻ
മാഷിനോട് എനിക്ക് അകൽച്ച .

ഒരു നാൾ ഞാൻ എഴുതി കൊണ്ടു വന്ന
കുറിപ്പുകൾ വായിക്കാൻ മാഷ് പറഞ്ഞപ്പോൾ  അതുകേട്ട്
ഞാൻ തന്നെ പകച്ചു നിന്നു . ആദ്യത്തെ ഒരു വരി
വായിക്കാൻ ഞാൻ ഒരു വിഷയം പഠിപ്പിക്കുന്ന
സമയത്തോളമെടുത്തു . ഇതു കേട്ട മാഷ് സ്കൂളിലെ വായന
ശാലയിലേക്ക് എന്നെ കൊണ്ടു പോകുകയും മനസ്സിനെ
തന്നെ കനം തോന്നിപ്പിക്കുന്ന ഒരു പുസ്തകം എടുത്ത് തന്ന്
അത് വായിച്ച് അതിലേ കഥ മാഷിനെ കേൾപ്പിക്കണം
എന്നു പറഞ്ഞു .

ഇഷ്ടമല്ലാത്ത കാര്യത്തെ വീണ്ടും ചെയ്യാൻ പ്രേരിപ്പിച്ച മാഷിനോടും പുസ്തകത്തോടും എനിക്ക് ഇഷ്ടമല്ലാതാകാൻ തുടങ്ങി..... പിന്നെയൊന്നും നോക്കിയില്ല പുസ്തകത്തിന്റെ താളുകൾ കീറി ഞാൻ വിമാനങ്ങളും റോക്കറ്റുകളും ഉണ്ടാക്കി പറത്തി . പള്ളിക്കൂടം വിട്ടപ്പോൾ മാഷ് വായന ശാലയിലേക്ക് വരുന്ന വഴി വിമാന തോരണം കൊണ്ട് അലങ്കരിച്ചിരിക്കുന്നത് കണ്ട് ഒരു ദുർ ഗാദേവിയുടെ മട്ടിൽ വന്നു . പിന്നെ ഒരക്ഷരം മിണ്ടതെ എന്നെ പൊതിരേ തല്ലി .... ആ വേദനയിൽ ഞാൻ കരഞ്ഞില്ല .... ഇനി പള്ളിക്കൂടത്തിലേക്കില്ലെന്ന ഒറ്റ വാശിയായിരുന്നു .

രണ്ടു വർഷത്തോളം ഞാൻ പള്ളിക്കൂടത്തിൽ പോകാത്ത പിള്ളേരോടൊപ്പം അലഞ്ഞു നടന്നു . എന്നാൽ എന്റെ ചെറിയച്ഛൻ അതിനെ എതിർത്തു . ചെറിയച്ഛൻ ഒരു മാഷാണ് . ചെറിയച്ഛന്റെ പള്ളിക്കൂടത്തിൽ ഞാൻ പോയി .എന്നെ എഴുതാനും വായിക്കാനും പഠിപ്പിച്ചു.



ഇന്നു ഞാൻ കായം കുളംകര ഗവൺമെന്റ് യൂ . പി .

സ്കൂളിലെ മലയാളം അധ്യാപകനാണ് . എന്നാൽ ഇന്നേക്ക്

കുഞ്ഞികൃഷ്ണൻ മാഷ് ഇഹലോകം വെടിഞ്ഞിട്ട് രണ്ടു വർ

ഷമാകുന്നു .

ഇന്നീ ലോകത്ത് എനിക്കു ചെയ്യാൻ

പറ്റുന്ന ഏറ്റവും വലിയ കാര്യമാണ് ഞാൻ

ചെയ്തിരിക്കുന്നത് . കായം കുളം കര ടൗണിന്റെ ഒത്ത

നടുവിൽ കുഞ്ഞി കൃഷണൻ മാസ്റ്റർ വായന ശാല ഇന്ന്

ആരംഭിച്ചു . ഈ വായന ശാലയിലൂടെ ഇന്നു നടക്കുമ്പോൾ

അന്നു കീറി കളഞ്ഞ പുസ്തക താളുകളുകടെയും ,പാണൽ

വടി കൊണ്ടുള്ള അടിയുടെയും

കുഞ്ഞി കൃഷണൻ മാഷിന്റെ നല്ല ഓർമകളുടെയും ,ഓർ

ക്കാൻ രസമുള്ള , കയ്പ്പുള്ള ,മധുരത്തിന്റെ ഗന്ധം പാറി

നടക്കുന്നു പുസ്തകങ്ങൾ അടുക്കി വച്ച നിരകൾ

എന്തന്നില്ലാത്ത ഒരു അനുഭൂതി സൃഷടിക്കുന്നു .

ഡിയ ഡൈജു



# ഉന്നതങ്ങളിലേക്കുള്ള യാത്ര



ഒരിടത്ത് ഒരു ഇടുങ്ങിയ ഗ്രാമം അവിടെ ഒരു കൊച്ചു വീട്ടിൽ ഒരമ്മയും മകനും. അവർ കഷ്ടജീവിതം അനുഭവിക്കുകയായിരുന്നു.
ഈ മകൻ അച്ഛൻ ഉപേക്ഷിച്ചുപോയ ഒരു കുഞ്ഞായിരുന്നു.
ഈ അമ്മ മകനെ വളർത്തി വലുതാക്കാൻ പലജോലികളും എടുത്തിരുന്നു. ഒരു നേരത്തെ ആഹാരം കഴിക്കാൻ ഇല്ലെങ്കിലും അമ്മ അവനെ ആ കഷ്ടപ്പാടൊന്നും അറിയിച്ചില്ലായിരുന്നു. അവൻ അതു മനസ്സിലാക്കിയിരുന്നു. സ്കൂൾ തുറന്നു. എല്ലാം കുട്ടികളും പുതുവസ്ത്രങ്ങളും, ബാഗും, ചെരിപ്പുമെല്ലാം ഇട്ട് വരുമ്പോൾ ആ മകന് ഇതെല്ലാം വേണമെന്ന ആഗ്രഹമുണ്ടായിരുന്നു.
അവൻ അമ്മ തന്നെ എങ്ങനെയെല്ലാമാണ് വളർത്തിയെടുക്കുന്നതെന്നാലോചിച്ച് അവൻ ഈ അഗ്രഹം ഉപേക്ഷിച്ചു.

നാജിയ കെ

# കോളനി കൂട്ടായ്മ............












# ബാല്യകാലം ജീവദാനം

കുസൃതിക്കളികളുടെ കാലം,ആരുടെയെങ്കിലും ശ്രദ്ധ പിടിച്ചു പറ്റണം.
അതാണ് എല്ലാവരുടേയും കുട്ടിക്കാലം അതുപോലൊരു കുട്ടിക്കാലം എനിക്കുമുണ്ട്. എല്ലാവരും താലോലിച്ച കഥകൾ പറഞ്ഞു തന്ന കൂട്ടു കൂടി കളിച്ച കാലം. ഞാൻ ജനിച്ചത് വയനാട്ടിലെ കൽപ്പറ്റക്കടുത്തുള്ള തരിയോട് എന്ന ഒരു ഗ്രാമത്തിലാണ്. കർലാട് തടാകവും പടഞ്ഞാറത്തറ ഡാമും ബാണാസുര സാഗറും എല്ലാം ഈ ഗ്രാമത്തിന്റെ തൊട്ടടുത്താണ്. ചേച്ചിമാരും ഏട്ടൻമാരും എന്നെ നിലത്ത് നിർത്താതെ എടുത്ത് താലോലിച്ച് നടന്നു. അങ്ങനെ എന്റെ നാലു വയസ്സുവരെ ഞാൻ കാവുമന്ദം എന്ന തരിയോടിൽ ജീവിച്ചു. നാലാമത്തെ വയസ്സിൽ അവിടുത്തെ വീടും സ്ഥലവും വിറ്റ് ഞങ്ങൾ ബത്തേരിയിലേക്ക് വന്നു. അമ്മൂമ്മയുടെ അടുത്തേക്ക് വന്നു. സ്നേഹത്തിന്റെ പുതിയ പാഠങ്ങൾ പടിപ്പിച്ചു. സ്നേഹം തരാൻ ഇവിടെയുമുണ്ട് ഏട്ടൻമാരും ചേച്ചിമാരും. ഒരു റോഡിന്റെ ഒരു വശത്ത് ഞങ്ങൾ കുടുംബക്കാരെല്ലാവരും പലവീടുകളാണെങ്കിലും ഒരു കുടുംബം പോലെ ജീവിക്കുന്ന



കാലം. പരസ്പരം ഭക്ഷണ സാധനങ്ങൾ പങ്കുവച്ചും വിഷുവിന് കൈനീട്ടം കൊടുത്തും ഒണത്തിന് പൂക്കളമിടുമ്പോൾ പൂക്കൾ പരസ്പരം പങ്കുവെച്ചും ഞങ്ങൾ ജീവിക്കുന്നു. കുശുമ്പും കുന്നായ്മയും ഇവിടെയും ഇല്ല. ഇതാണ് എന്റെ ബാല്യകാലത്തിലെ ഓർമകൾ. എല്ലാവരുടേയും ബാല്യകാലം സുഖങ്ങൾ നിറഞ്ഞതാവട്ടേ....

by,
ഷിജിത കെ ചന്ദ്രൻ





# കുട്ടിക്കാലം

വിദ്യാലയമെന്ന് മനസ്സിലോർത്ത നാൾ
അമ്മ തൻ കൈയ്യിൽ പിടിച്ച നടന്ന ഞാൻ
അമ്മ തിരിഞ്ഞു നോക്കുമ്പോൾ ഞാനന്നു
അമ്മയെ നോക്കി കണ്ണീർ പൊഴിക്കും
കാക്കയും പൂച്ചയും വിരുന്നെത്തുന്നൊരു
കൂട്ടുകാരുമൊത്ത് കളിച്ചു രസിക്കും നേരം
ഐശ്വര്യം നൽകുന്ന മാവേലി തമ്പുരാന്
നീട്ടുന്നു ഞാനെന്റെ കൊച്ചു പൂക്കളം
മാമ്പഴക്കാലത്ത് ചക്കരമാവിന്റെ ചോട്ടിലിരുന്ന്
ഞാൻ തത്തയെയും കാക്കയെയും വിളിച്ചു വരുത്തും

By
ആനിയ മരിയ ബേബി

# കായികമേള..............











# തിരിച്ചറിവ്

സന്തോഷത്തിന്റെ ദിനമാണന്ന്...
ജനാല തുറന്നപ്പോഴാണ്
അയാൾക്ക് നിലാവിനോട്
അനുരാഗം തോന്നിയത്.
നിലാവ്.........!
നീലപുതച്ച നിലാവിനെ നോക്കി
അയാൾ നിൽക്കുകയാണ്....അത്
നിലാവിന്റെ ശാലീനതയിലേക്കോ അതോ
നിലാവിന്റെ വെളിച്ചത്തിൽ
നടക്കുന്ന ക്രൂരതയിലേക്കോ........

ഇരുട്ടിന്റെ മറവിൽ നടക്കുന്ന
തിന്മയെ നിലാവിന്റെ വെളിച്ചത്തിൽ
അയാൾ കാണുന്നു.....ആ അന്ധകാര

ത്തിൽ ഒരു കുരുന്നു ജീവൻ പിടയുന്നു

അയാൾ പ്രതികരിച്ചു.

അതവർ തിരിച്ചറിഞ്ഞു

അടുത്ത ദിവസത്തെ ദിന പത്രത്തിലെ

ചരമകോളത്തിൽ അയാളുടെ ചിത്രം

പ്രത്യക്ഷപ്പെട്ടു.

അന്ന് ഞാൻ തിരിച്ചറിഞ്ഞു.

നിലാവിന്റെ നീലരാത്രിയിൽ

തുളുമ്പുന്നത് **നിലാവല്ല.......!**

**നഷ്ടമാകുന്നത് ഒരു ജീവനല്ല.**

നീരജ സന്തോഷ്



# നിലാവിലേക്ക്



അന്ന്,

ആ ഇളം കാറ്റിനൊപ്പം ഇളം തെന്നലുമായി
വന്ന  ഒരു നീല നിലാവുണ്ടായിരുന്നു.
എന്നെ ഞാനാക്കിയ ആ നിലാവ്
ഞാൻ ഞാൻ  തന്നെയായ ആ നീല നിലാവ്
സ്നേഹമെന്താണെന്ന് എനിക്കു കാണിച്ചു തന്ന
ഒരു സ്നേഹ നിലാവ്.
ഇമ്പമുള്ള ഈണത്തിൽ  പ്രേമഗാനം
അലപിക്കുകയും
വിദഗ്ദമായി വീണമീട്ടുകയും ചെയ്യുന്ന നീല
നിലാവ്
ഏകാന്തയാമങ്ങളിൽ  തന്നെ അഭിലഷിക്കുന്നവ
ർക്കായ്
വെളിപ്പെടാൻ തിടുക്കം കൂട്ടുന്ന സ്നേഹ നിലവ്
തന്നെ സ്നേഹിക്കുന്നവർക്കായ് ഓരായിരം കാലം
അമരനായി ജീവിക്കുന്ന പുണ്യ നീലാവ്.
മരുഭൂമിയും മണലാരണ്യങ്ങളും സ്നേഹിക്കുന്ന
നീല നിലാവിന്റെ യാമങ്ങൾ.

നിദ്രയെ മറന്ന് കുഞ്ഞു മിഴികൾ ഉറ്റു നോക്കുന്ന

സദൃശ്യ വതിയായ നീല നിലാവ്.

റോസ്മേരി




ON SCHOOL DUTY
ഗവ.ഹൈസ്കൂൾ കുപ്പാടി
SCHOOL BUS
EDUCATIONAL INSTITUTION BUS
Ph.04936 220720
SML
SC.36+1
T3500
KL 73
C7802




# പ്രണയമെ ഈ താഴ്വര

മനോഹരമായ ഒരു യാത്രയായിരുന്നു.കുറേ ഇടവഴിയിലൂടെ വയലുകൾക്ക് അക്കരെ കുറച്ച് ദൂരെ മനോഹരമായ ഒരു വലിയ മല,മേഘലവങ്ങൾ മറിഞ്ഞു കളിക്കുന്നു.കാട്ടിലൂടെ കുഞ്ഞരുവികൾ താളം പിടിച്ചൊഴുകുന്നു.ഏറെ അരുവികൾ ചേർന്നാണ് അവിടെ ഒരു കുഞ്ഞു തോട് ഉള്ളത്.മനോഹരമായ ഒരു കാഴ്ചയാണ് അന്ന് ആ ദിവസം എനിക്ക് സമ്മാനിച്ചത്.നിറയെ പാറക്കെട്ടുകളിലൂടെ നീരുറവകൾ,പൂമരങ്ങൾ,കാടുകൾ,വയലുകൾ മനോഹര കാഴ്ചയാണ് അത്,പാറക്കെട്ടുകൾക്കരികിലായി കുഞ്ഞു കുഴികളിൽ തെളിനീരുകൾ നിറഞ്ഞു നിൽക്കുന്നു.പക്ഷികളുടെ മൂളിപ്പാട്ടുകൾ കാതുകളിൽ മുഴങ്ങുന്നു.പ്രകൃതി അന്ന് സമ്മാനിച്ച ആ കാഴ്ച വല്ലാത്ത ഒരു രസമായിരുന്നു.

അഭിന അജയകുമാർ



# കുസൃതി ചോദ്യങ്ങൾ



1, റോഡരികിൽ കത്രികയും നീട്ടി നിൽക്കുന്ന ആളിന്റെ ഉദ്ദേശം എന്ത്?

-റോഡ് മുറിച്ച് കടക്കുക.

2,ഇന്ത്യയിലെ ഏറ്റവും വലിയ ബാഗ്?

-ജാലിയൻ വാലാബാഗ്

3,ഡോക്ടർ രോഗിയോട് പുക വലിക്കരുതെന്ന് പറഞ്ഞതെന്തുകൊണ്ട്?

-നാവുകൊണ്ട്

4,കണ്ടറിയാത്തവൻ കൊണ്ടറിയുമെന്ന് പറഞ്ഞതാര്?

-കൊണ്ടറിഞ്ഞവൻ

5,കുരക്കുന്ന പട്ടി കടിക്കാറില്ല.എന്നാൽ ചില പട്ടികൾ കുരയ്ക്കുകയും കടിയ്ക്കുകയും ചെയ്യാൻ കാരണം എന്ത്?

-പട്ടിക്ക് പഴഞ്ചൊല്ല് അറിയാത്തതിനാൽ.

ആഷ്ന

## WHAT A NICE DAY IT IS

CHILD HOOD IS WONDERING PART IN OUR LIFE. IT WAS A VALUABLE TIME. WHEN THAT TIME WE HAVE ONLY FULL WITH ENJOY. NO PRESSURES, NO DUTIES, SOMETHING SOMETHING .ONCE I SAW A CHILD WITH FULL OF ENJOYMENT. IN THAT TIME I THINK ABOUT MY CHILDHOOD DAYS......

I HAVE A BEST FRIEND NAMED MANI. I AND MANI WAS DO EVERY THINK IN ONE TIME. ONE A SUMMER VACATION I AND MANI GO TO PLAY. THAT TIME MANGO TREES ARE FULL OF TENDER MANGOS. THE JASMINE FLOWERS ARE SMILING TO US. WE WENT A GROUND TO PLAY CRICKET. I WAS THE BALLER. MANI WAS BATTING. AND ALL FRIENDS ARE AROUND US. MY FIRST BALL WENT TO A DOGS HEAD.

THE DOG CAME ANGRY AND BECOME TO RAN BACK TO ME. I AND MANI RAN AND CLIMB TO A MANGO TREE. WHEN THE DOG GO BACK WE SAW THE TREE WAS FULL OF TENDER MANGO. WE DECIDED TO PICK IT. BUT SOME ARMY OF ANT NOT ALLOW THAT. THEY WAS PROTECTOR OF THAT TREE. THAT TREE WAS STAND IN RAMACHAN'S HOUSE. RAMACHAN BEGAN TO SHOUTED:"OH.... BAD CHILD COME DOWN FROM MY TREE". MANI SAID "ARU RAMACHAN WAS SEEN US . GO DOWN AND RAN FAST". WE COME DOWN AND RAN FAST TO HOME

WHAT A NICE DAY IT IS....!

WHEN THE SCHOOL WE HAVE THE NAUGHTY BOYS. ALL TEACHERS WERE TELL US “OH !WHAT A CHILD ..THE ARUN AND MANI”. BUT WE WERE PLAYED ALL TIME ....NO STUDY.
IN CHILD HOOD DAYS BIG MISSING MY MOTHER’S EATING. MY MOTHER GIVE FOOD IN TO MY MOUTH. THAT IS BIG THING MY CHILD HOOD. MY FATHER’S SHOUTING AND INSTRUCTION .

WHAT A NICE DAY IT IS.

IN MUD AND WATER JUMP AND MOTHER WILL BEAT. AND SHOULD. IN THAT DAY I DON’T EAT FOOD. MY MOTHER EYES GOTO SADNESS. MY FATHER SHOUTED. THAT WAS CHILD HOOD. SMALL THING WHERE HEATED. SMALL THINGS WHERE TOUCHED.


WHAT A NICE DAY IT IS.

DAYS GO FAST. CHILD HOOD DAYS GO VERY FAST. OH GOD GIVE ME ONE MORE CHILD HOOD. WHAT A WONDERING DAYS IT WAS...................

Muhammed Fasal



# മഹദ് വ്യക്തികൾ



## മഹാത്മ ഗാന്ധി (1869-1948)

- ഭാരതത്തിന്റെ രാഷ്ട്ര പിതാവ്
- ഗുജറാത്തിലെ പോർ ബന്ദറിൽ ജനിച്ചു.
- സത്യവും അഹിംസയും ജീവിത ലക്ഷ്യമാക്കി ഇന്ത്യയെ സ്വാതന്ത്ര്യത്തിലേക്ക് നയിച്ചു
- ശരിയായ പേര് മോഹൻദാസ് കരംചന്ദ് ഗാന്ധി

## രാജാറാം മോഹൻ റോയ് (1772-1833)

- ഇന്ത്യയിൽ "നവോത്ഥാന പിതാവ്" എന്നറിയപ്പെടുന്നു
- ഇന്ത്യൻ സാമൂഹ്യ പരിഷ്കർത്താവ്
- 1928-ൽ ബ്രഹ്മസമാജം സ്ഥാപിച്ചു

## രവീന്ദ്രനാഥ ടാഗോർ (1861-1941)

- ഇന്ത്യൻ ദേശീയ കവി.
- ഗീതാഞ്ജലി, പോസ്റ്റ് ഓഫീസ്, ഗാർഡനർ തുടങ്ങിയ പ്രധാന കൃതികൾ.
- ശാന്തി നികേതൻ (വിശ്വ ഭാരതി സർവകലാശാല) സ്ഥാപിച്ചു.
- 1913-ൽ ഗീതാഞ്ജലിയ്ക്ക് സാഹിത്യത്തിനുള്ള നോബൽ ലഭിച്ചു.
- നോബൽ ലഭിക്കുന്ന ആദ്യ ഏഷ്യക്കാരൻ.

# ഭഗത് സിംങ് (1907-1931)

- ഇന്ത്യൻ വിപ്ലവ നേതാവ്
- നവജവാൻ ഭാരത സഭ രൂപീകരിച്ചു
- ഇൻക്വിലാബ് സിന്ദാബ് എന്ന മുദ്രാവാക്യം പ്രചരിപ്പിച്ച ധീര ദേശാഭിമാനി



ബ്ലസ്സൻ ജോയി




# മുത്തശ്ശി മരം

# ഇച്ചായിയുടെ സൂത്രം

തോരാതെ പെയ്യുന്ന മഴയാണ് പുറത്ത്. സ്കൂൾ വിട്ടിട്ട് ഒരുപാട് സമയമായി . അപ്പുവും ചിന്നുവും സ്കൂളിൽ നിന്ന് വീട്ടിലേക്ക് വരാൻ കഴിയാതെ വിഷമിച്ചിരിക്കുകയാണ്. "ഈ വൃത്തി കെട്ട മഴ എപ്പോഴാ ഒന്ന് തോരുവാ " അപ്പു മഴയെ ചീത്ത പറയാൻ തുടങ്ങി. "ശരിയാ ശരിയാ" അപ്പു പറഞ്ഞതിനെ ചിന്നു ശരി വെച്ചു. ഇവരുടെ ശകാരം കേട്ടിട്ടാണോ എന്നറിയില്ല കുറച്ച് സമയത്തിന് ശേഷം മഴതോർന്നു. ചിന്നുവും അപ്പുവും വീട്ടിലേക്ക് നടന്നു ....

സമയം വേഗത്തിൽ യാത്ര പറഞ്ഞതു കൊണ്ട് അവർ സ്ഥിരം നടക്കുന്ന വഴിയേ ഒരു ദിവസത്തേക്ക് മാറ്റി നിർത്തി മറ്റൊരു എളുപ്പ വഴിയിലൂടെ വീട്ടിലേക്ക് പോവാനിരുന്നു. ഈ നീക്കം തിരിച്ചറിഞ്ഞ ചിന്നു പറഞ്ഞു. “ഇച്ചായി ഈ വഴി നിനക്ക് പരിചയില്യാട്ടോ നമ്മുക്ക് സ്ഥിരം പോണ വഴിയെ പോയാ പോരെ". “ഡീ...ഞാനിന്നലെ ഈ വഴിക്ക് അച്ചായിന്റെ കൂടെ വന്നതാ ... ന്റെ കൂടെ വരുവാണെങ്കിൽ

നിനക്കൊരു സൂത്രം കാണിച്ചു തരാം .” ചിന്നു പറഞ്ഞതിന് കൃത്യമായ മറുപടി അപ്പു പറഞ്ഞു.



അവർ ചെറുപാതയിലൂടെ നടക്കാൻ തുടങ്ങി. പാതയിൽ നിറയെ മഴ തന്ന സമ്മാനമായ ചെളി ഉള്ളതിനാൽ നടക്കാൻ കുറച്ച് പ്രയാസമായിരുന്നു. ആ ചെറുപാതയുടെ മധ്യഭാഗത്തെത്തിയപ്പോൾ ചിന്നുവിന്റെ കണ്ണ് അപ്പു പതിയെ ഒന്നു പൊത്തി. ചിന്നുവിന്റെ കാലുകൾ പതറാതെ അവൻ അവളെ പതിയെ ഒരു വേലിയുടെ മുന്നിൽ കൊണ്ടു നിർത്തി. അവന്റെ കൈകൾ പതിയെ അവളുടെ കണ്ണുകളുടെ മുകളിൽ നിന്നു മാറ്റി. അവളുടെ കണ്ണുകളെ സ്വതന്ത്രമാക്കി.

അവളുടെ കുഞ്ഞിക്കണ്ണുകൾ ആ മനോഹരമായ കാഴ്ച്ചയെ പിടിച്ചെടുത്തു. അവളുടെ കണ്ണുകളിൽ അതിശയം. “ഇത്രേം ഭംഗിയുള്ള പൂക്കൾ ...ഈ വഴിയിലെ വേലിപ്പൂക്കൾ......ഇത്രയും മനോഹരമായ സൂത്രം ഇച്ചായിയെന്തെ നേരത്തേ പറയാഞ്ഞേ. “അറിയാം നീ അതിശയപ്പെടുമെന്ന് , ആ അതിശയം പറഞ്ഞു കേൾക്കുന്നതിനെക്കാൾ നീ സ്വയം കേൾക്കുന്നതല്ലേ....”. ഇതും പറഞ്ഞ് രണ്ടുപേരും

കൈയ്യോട് കൈ പിടിച്ച് ആ അതിശയത്തെ, ഭംഗിയാർന്ന ആ വഴിയിലെ വേലിപ്പൂക്കളെ കൺക്കുളിർക്കെ കണ്ട് ആസ്വദിച്ചു.

നിവേദ്യ രാജു




# തിങ്കവന്ത് ടൂർ

ഞങ്ങൾ എല്ലാവരും രാവിലെ 6 മണിക്ക് വീട്ടിൽ നിന്ന് ഇറങ്ങി . ഞങ്ങൾക്ക് എല്ലാവർക്കും ഒരുപാട് സന്തോഷമായിരുന്നു തിങ്കവന്ത് ടൂർ . ഞങ്ങൾ എല്ലാവരും 6.30 ന് തന്നെ സ്കൂളിലെത്തി . ഞങ്ങളുടെ കൂടെ ലാൽ സാർ, ഹസീന ടീച്ചർ, അഖില ടീച്ചർ, സിന്ദു ടീച്ചർ,ട്രെയ്നിങ് ടീച്ചർമാർ എന്നിവരെല്ലാം ഉണ്ടായിരുന്നു . തിങ്കവന്ത് നടത്തുന്നതിനും തിങ്കവന്ത് ടൂർ കൊണ്ടു പോയതിനും ഞങ്ങളുടെ സ്വന്തം നിഷ ടീച്ചർക്ക് ഞങ്ങളുടെ സ്നേഹം അറിയിക്കുന്നു . അങ്ങനെ ഞങ്ങളെല്ലാവരും യാത്രയായി . ഈ യാത്ര ഞങ്ങൾ എല്ലാവരും നന്നായി ആഘോഷിച്ചു . യാത്ര പോയത് കോഴിക്കോട്ടേക്കായിരുന്നു . താമരശ്ശേരി ചുരം ഇറങ്ങുന്നതിന് മുൻപ് ചുരം കണ്ടു പിടിച്ച കരിന്തണ്ടന്റെ ആത്മാവിനെ കുടിക്കൊള്ളിച്ച സ്ഥലത്തു നിന്ന് കുറെ തോഴുതു .ഞങ്ങൾ പിന്നെയും അവിടെ നിന്ന് യാത്രയായി .

ചുരം ഇറങ്ങിയതിനു ശേഷം ആദ്യം പോയത് ഒരു പാർക്കിലാണ് . അതിനു ശേഷം ഒരു ഷോർട്ട് സിനിമ കാണാൻ കൊണ്ടു പോയി . സിനിമ കണ്ട് പുറത്തിറങ്ങിയ ശേഷം കുറെ പഠിക്കാനുള്ള കാര്യങ്ങൾ കണ്ടു .

ഞങ്ങൾക്ക് ഏറെ ഇഷ്ടപ്പെട്ടു , അങ്ങനെ സമയം പോയതൊന്നും അറിഞ്ഞില്ല . 1 മണിയായപ്പോൾ പാർക്കിൽ നിന്ന്,കൊണ്ടു വന്ന ബിരിയാണി കഴിച്ചു . ആ സമയം കുറെ കാക്കകൾ ഭക്ഷണം കഴിക്കുന്ന സ്ഥലത്തെത്തി .ഞങ്ങൾ ആ കാക്കകളെ ഓടിച്ചു .പിന്നിട് ഞങ്ങൾ ബേപ്പൂരെത്തി .ബോട്ടിൽ കയറാൻ പോയി,പക്ഷേ നടന്നില്ല . പിന്നീട് ഞങ്ങൾ ഒരു അക്വേറിയം കണ്ടു . ഒരുപാട് മീനുകളെ കണ്ട സന്തോഷത്തോടെ ഞങ്ങൾ ബീച്ചിലെത്തി .

ബീച്ചാണ് ഞങ്ങൾക്ക് ഏറ്റവും




കൂടുതൽ ഇഷ്ടപ്പെട്ടത് . വെള്ളത്തിലൂടെ ഞങ്ങൾ ഓടുകയും കളിക്കുകയും ഒക്കെ ചെയ്തു . വൈകുന്നേരം ലാൽ സാർ ഞങ്ങൾക്ക് ചോക്കോബാർ വാങ്ങി തന്നു . അത് ഞങ്ങൾക്ക് വളരെ സന്തോഷമായി. പിന്നീട് ബസ്സിനടുത്തെത്തി . ബാക്കിയുണ്ടായിരുന്ന ബിരിയാണി എല്ലാവരും കഴിച്ചു. വൈകുന്നേരം 7 മണിയോടെ ഞങ്ങൾ അവിടെനിന്നും മടങ്ങി . ബസ്സിൽ ഡാൻസും പാട്ടുമായി സ്കൂൾ എത്തുന്നതു വരെ ഞങ്ങൾ ആഘോഷിച്ചു . പിന്നീട് എല്ലാവരും വീട്ടിൽ തിരിച്ചെത്തി . ഞങ്ങളെ ടൂർ കൊണ്ടു പോയ നിഷ ടീച്ചറോട് ഒരുപാടൊരുപാട് നന്ദിയുണ്ട് .....

ജിന




തിങ്കവന്ത്- തയ്യൽ പരിശീലനം





കുപ്പാടി ഗവൺമെന്റ് ഹൈസ്കൂൾ വിദ്യാർഥികളുടെ

മി കവിന്റെ പര്യായമാണ് നിനവ് എന്ന ഈ മാഗസിൻ.

അനുദിനം വിജയത്തിലേക്ക് നടന്ന് കയറുന്ന സ്കൂളിന്റെ കൂട്ടായ

പ്രവർത്തനമാണ് മാഗസിന്റെ അണിയറയിൽ.വിവര വിനിമയ

സാങ്കേതിക വിദ്യയുമായി കൈകോർത്ത് നിർമ്മിച്ച മാഗസിൻ

ഒരു വർഷത്തെ സ്വപ്നങ്ങളും പ്രതീക്ഷകളും നെഞ്ചിലേറ്റുന്നു.

വിദ്യാർഥികൾ സ്വന്തം മികവ് തെളിയിച്ച കവിതകളും കഥകളും

ആണ് നിനവിന്റെ താളുകളിലുള്ളത്.ആശംസകളും

അനുഗ്രഹങ്ങളും നിനവിന്റെ യാത്രയിൽ മുതൽക്കൂട്ടായി.ലിറ്റിൽ

കൈറ്റ്സിന്റെ  പ്രവർത്തന ഫലമായി നിനവ് മുന്നേറിയപ്പോൾ

കുറവുകളുണ്ടെങ്കിലും അത് യാഥാർത്ഥ്യമാകുന്നു.

കുറവുകൾ ക്ഷമിച്ച് മികവുകൾക്ക് പ്രോത്സാഹനമേകാൻ

എല്ലാവർക്കുമാകട്ടെ... ഏവരുടേയും മനസ്സിൽ

നിനവായിരിക്കട്ടെ

ഞങ്ങളുടെ ഈ കൊച്ചു

# ' നിനവ് ...... '

# നന്ദി..........